# അതിഥി തൊഴിലാളികൾക്കായി ജില്ലയില് കൺട്രോള് റൂം തുടങ്ങി

ആലപ്പ്ുഴ: കോവിഡ് 19ൻറെ പശ്ചാത്തലത്തില് ജില്ലയിലെ അതിഥി തൊഴിലാളികൾക്കായി കളക്ടേറ്റില് കൺട്രോള് റൂം ആരംഭിച്ചു. അതിഥി തൊഴിലാളികളുമായി ബന്ധപ്പെട്ട ഏത് പ്രശ്നവും ഈ കൺട്രോള് റൂമില് അറിയിക്കാവുന്നതാണ്. ജില്ലയിലെ അന്യ സംസ്ഥാന തൊഴിലാളികൾക്ക് ഭക്ഷണം, മരുന്ന്, താമസ സൗകര്യം എന്നിവ ഉറപ്പാക്കുന്നതിനുള്ള എല്ലാ സജ്ജീകരണവും ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ജില്ല കളക്ടര് അറിയിച്ചു. അന്യ സംസ്ഥാന തൊഴിലാളികൾക്ക് നേരിട്ട് ഇവിടെ വിളിച്ചും തങ്ങളുടെ പ്രശ്നങ്ങൾ അറിയിക്കാവുന്നതാണ്. ഫോൺ: 04772239040. ഹിന്ദി, തമിഴ് ഉൾപ്പടെ വിവിധ ഭാഷയിലുള്ള കോളുകൾ അറ്റൻഡ് ചെയ്യുന്നതിന് ഇൻഡോ ടിബറ്റൻ ബോർഡര് പോലിസിലെ മൂന്നുപേരെയും കൺട്രോള് റൂമിലേക്ക് നിയോഗിച്ചിട്ടുണ്ട്.

# നെഹ്റു യുവ കേന്ദ്ര ഓൺലൈൻ കൗൺസിലിംഗ് തുടങ്ങി

ആലപ്പ്ുഴ: മദ്യം, പുകവലി തുടങ്ങിയ ലഹരി വസ്തുക്കൾക്ക് അടിമപ്പെട്ട മാനസികസംഘർഷം നേരിടുന്നവർക്ക് ആശ്വാസം നൽകുന്നതിന് തിരുവനന്തപുരം ശാന്തിഗ്രാം സൊസൈറ്റിയുടെ സഹകരണത്തോടെ ജില്ലാ നെഹ്റു യുവകേന്ദ്ര ശാന്തിതീരം സൗജന്യ ഓൺലൈൻ കൗൺസിലിംഗ് ഹബ്ബ് തുടങ്ങി. കൗൺസിലിങ് ആവശ്യമായിട്ടുള്ളവർ 9 9 6 1 4 3 2 3 0 3, 9 2 0 7 1 9 8 3 8 6, 7 3 5 6 0 2 5 5 1 6, 81 56 98 0 4 5 0 എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണെന്ന് എന്ന ജില്ലാ യൂത്ത് കോർഡിനേറ്റർ അറിയിച്ചു.

repeat

# കോവിഡ്-19 : ഹോമിയോപ്പതി വകുപ്പിനും നാഷണൽ ആയുഷ് മിഷനും ടെലിമെഡിസിൻ സംവിധാനം

ആലപ്പുഴ: കോവിഡ്-19 പകർച്ച തടയുന്നതിന് സാമൂഹിക അകലം പാലിക്കുന്നതിന്റെ ഭാഗമായി ഹോമിയോപ്പതി വകുപ്പും നാഷണല് ആയുഷ് മിഷനും സേവനങ്ങള് ടെലിമെഡിസിൻ സംവിധാനത്തിലൂടെ നല്കും.

ഇതുവഴി ഡോക്ടറുടെ കൺസൾട്ടേഷന്, സംശയ നിവാരണം, മാനസിക സംഘർഷം, പിരിമുറുക്കം എന്നിവയ്ക്കുള്ള സൈക്കോളജിക്കൽ കൗൺസിലിംങ്, ലഹരിവിമോചന ക്ലിനിക് എന്നിവയുടെ സേവനം ലഭ്യമാണ്. പൊതുജനങ്ങൾക്ക് 8281238993 എന്ന നമ്പറിൽ രാവിലെ 9മണിമുതൽ ഉച്ചയ്ക്ക് 2മണിവരെ ഈ നമ്പറിൽ വിളിക്കാം.